# സ്കോൾ – കേരള

സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ്ങ് എഡ്യൂക്കേഷൻ – കേരള, (മുൻ കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ)

വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം – 695012

ഫോൺ : 0471 – 2342950,2342271,2342369 www.scolekerala.org, email: info@scolekerala.org / scolekerala@gmail.com

SCOLE KERALA
STATE COUNCIL FOR OPEN & LIFELONG EDUCATION - KERALA

## സ്കോൾ-കേരള ഹയർസെക്കൻഡറി കോഴ്സ് 2018-20 ബാച്ച് പ്രവേശന വിജ്ഞാപനം

നമ്പർ: എ4/1991/2018/സ്കോൾ-കേരള — തീയതി: 25.06.2018

സ്കോൾ-കേരള മുഖേനെ 2018-20 ബാച്ചിലേക്കുള്ള ഹയർസെക്കൻഡറി കോഴ്സ് ,ഓപ്പൺ റെഗുലർ, പ്രൈവറ്റ് രജിസ്ട്രേഷൻ വിഭാഗങ്ങളിലെ ഒന്നാം വർഷ പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ഓൺലെയിനായിട്ടാണ് രജിസ്റ്റർ ചെയ്യേണ്ടത്.

www.scolekerala.org എന്ന വെബ്സൈറ്റിൽ **ജൂൺ 27** മുതൽ ഓൺലെയിൻ രജിസ്ട്രേഷൻ നടത്താവുന്നതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## ഓപ്പൺ റഗുലർ കോഴ്സ്

### പഠന വിഷയങ്ങൾ

പാർട്ട് I ഇംഗ്ലീഷ് (നിർബന്ധം), പാർട്ട് II ഉപഭാഷ (മലയാളം, ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു, തമിഴ്, കന്നട, ഫ്രഞ്ച്, ലാറ്റിൻ, സിറിയക്ക്, ജർമ്മൻ, റഷ്യൻ ഇവയിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാവുന്നതാണ്)

പാർട്ട് III ഐച്ഛിക വിഷയങ്ങൾ

### സയൻസ് വിഭാഗം

| സബ്ജക്റ്റ് കോഡ് | ഐച്ഛിക വിഷയങ്ങൾ |
|---|---|
| 01 | ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ബയോളജി. |
| 05 | ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, കംപ്യൂട്ടർ സയൻസ്. |
| 09 | ഫിസിക്സ്, കെമിസ്ട്രി, ബയോളജി, സൈക്കോളജി |

### ഹ്യൂമാനിറ്റീസ് വിഭാഗം

| കോഡ് | ഐച്ഛിക വിഷയങ്ങൾ |
|---|---|
| 11 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി. |
| 16 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യൽ വർക്ക് |
| 30 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ് |

### കൊമേഴ്സ് വിഭാഗം

| കോഡ് | ഐച്ഛിക വിഷയങ്ങൾ |
|---|---|
| 36 | ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, മാത്തമാറ്റിക്സ് |
| 37 | ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, സ്റ്റാറ്റിസ്റ്റിക്സ് |
| 38 | ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് |
| 39 | ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ |

### കോഴ്സ് ഫീസ്

ഓപ്പൺ റെഗുലർ വിദ്യാർഥികൾക്ക് കോഴ്സ് ഫീസ് ഒറ്റ തവണയായോ രണ്ടു തവണകളായോ ഒടുക്കുവാനുള്ള അവസരം ലഭ്യമാണ്.

### ഫീസ് ഘടന

| സബ്ജക്ട് കോഡ് | സബ്ജക്ട് കോമ്പിനേഷൻ | ഒന്നാം തവണ: കോഴ്സ് ഫീസ് | ലാബ് ഫീസ് | കോഷൻ ഡിപ്പോസിറ്റ് | തപാൽ ചാർജ്ജ് | ഓൺലൈൻ പ്രോസസിംഗ് ചാർജ്ജ് | ആകെ | രണ്ടാം തവണ | ആകെ |
|---|---|---|---|---|---|---|---|---|---|
| | **സയൻസ്** | | | | | | | | |
| 01 | ബയോളജി | 975 | 1250 | 500 | 200 | 25 | 2950 | 900 | 3850 |
| 05 | കമ്പ്യൂട്ടർ സയൻസ് | 975 | 1350 | 600 | 200 | 25 | 3150 | 900 | 4050 |
| 09 | സൈക്കോളജി | 975 | 1250 | 500 | 200 | 25 | 2950 | 900 | 3850 |
| | **ഹ്യൂമാനിറ്റീസ്** | | | | | | | | |
| 11 | സോഷ്യോളജി | 975 | Nil | Nil | 200 | 25 | 1200 | 900 | 2100 |
| 16 | സോഷ്യൽ വർക്ക് | 975 | Nil | Nil | 200 | 25 | 1200 | 900 | 2100 |
| 30 | സ്റ്റാറ്റിസ്റ്റിക്സ് | 975 | Nil | Nil | 200 | 25 | 1200 | 900 | 2100 |
| | **കോമേഴ്സ്** | | | | | | | | |
| 36 | മാത്തമാറ്റിക്സ് | 975 | Nil | Nil | 200 | 25 | 1200 | 900 | 2100 |
| 37 | സ്റ്റാറ്റിസ്റ്റിക്സ് | 975 | Nil | Nil | 200 | 25 | 1200 | 900 | 2100 |
| 38 | പൊളിറ്റിക്കൽ സയൻസ് | 975 | Nil | Nil | 200 | 25 | 1200 | 900 | 2100 |
| 39 | കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | 975 | 600 | 100 | 200 | 25 | 1900 | 900 | 2800 |

### സവിശേഷതകൾ

- ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട ഗവ.ഹയർസെക്കൻഡറി സ്കൂളുകളിൽ അവധി ദിവസങ്ങളിൽ സമ്പർക്ക ക്ലാസ്.
- ഒന്നും രണ്ടും വർഷങ്ങളിൽ ഓരോ വിഷയത്തിനും തിയറിക്ക് 30 മണിക്കൂർ വീതം സമ്പർക്ക ക്ലാസുകൾ നൽകുന്നു. കൂടാതെ പ്രാക്ടിക്കൽ വിഷയങ്ങൾക്കായി രണ്ടാം വർഷം 20 മണിക്കൂർ പ്രാക്ടിക്കൽ ക്ലാസ്.
- വിദ്യാർഥികൾക്ക് ഹയർസെക്കൻഡറി പാഠപുസ്തകത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ സ്വയം പഠനസഹായി.
- അപേക്ഷകർക്ക് ഉയർന്ന പ്രായപരിധി ഇല്ല

## പ്രൈവറ്റ് രജിസ്ട്രേഷൻ

### പഠന വിഷയങ്ങൾ

പാർട്ട് I ഇംഗ്ലീഷ് (നിർബന്ധം), പാർട്ട് II ഉപഭാഷ(മലയാളം ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു, തമിഴ്, കന്നട, ഫ്രഞ്ച് ലാറ്റിൻ, സിറിയക്ക്, ജർമ്മൻ, റഷ്യൻ ഇവയിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാവുന്നതാണ്)

പാർട്ട് III ഐച്ഛിക വിഷയങ്ങൾ

### ഹ്യൂമാനിറ്റീസ് വിഭാഗം

| കോഡ് | ഐച്ഛിക വിഷയങ്ങൾ |
|---|---|
| 11 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി. |
| 15 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഫിലോസഫി |
| 18 | ഇസ്ലാമിക്ഹിസ്റ്ററി&കൾച്ചർ, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി |
| 28 | ഹിസ്റ്ററി, ഇക്കണോമിക്സ്, സംസ്കൃതം(സാഹിത്യം), സംസ്കൃതം(ശാസ്ത്രം) |
| 46 | ഹിസ്റ്ററി, ഇക്കണോമിക്സ്, സോഷ്യോളജി, അറബിക് |

### കൊമേഴ്സ് വിഭാഗം

| കോഡ് | ഐച്ഛിക വിഷയങ്ങൾ |
|---|---|
| 36 | ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി (A.F.S.), ഇക്കണോമിക്സ്, മാത്തമാറ്റിക്സ് |
| 38 | ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി (A.F.S.), ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് |

**രണ്ടു വർഷത്തേക്ക് ആകെ പ്രൈവറ്റ് രജിസ്ട്രേഷൻ ഫീസ് 560/-രൂപ - ഒരുമിച്ച് ഒടുക്കേണ്ടതാണ്**

പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾക്ക് നിരന്തര സമഗ്ര മൂല്യനിർണയത്തിന്റെ മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനായി ഒന്നും രണ്ടും വർഷങ്ങളിൽ വിദ്യാർഥികൾക്കായി അനുവദിക്കുന്ന പരീക്ഷാകേന്ദ്രമായ ഗവ.ഹയർസെക്കണ്ടറി സ്കൂളുകളിൽ വച്ച് രണ്ടു ദിവസത്തെ ഓറിയന്റേഷൻ ക്ലാസ് നൽകും.

### പ്രവേശന യോഗ്യത

- എസ്.എസ്.എൽ.സി (കേരള സിലബസ്), സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, മറ്റ് സ്റ്റേറ്റ് ബോർഡ് തുടങ്ങിയവയിൽ വിജയം/ഉപരിപഠന യോഗ്യത, അല്ലെങ്കിൽ സർക്കാർ തത്തുല്യമായി അംഗീകരിച്ച ഉപരിപഠന യോഗ്യത സർട്ടിഫിക്കറ്റ്.
- വിദേശ രാജ്യങ്ങളിൽ നിന്നും ഉപരിപഠനത്തിന് നേടിയ തത്തുല്യ യോഗ്യത സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി പരിഗണിക്കും.
- എൻ.ഐ.ഒ.എസ്. മുഖാന്തിരം നിർദ്ദിഷ്ട യോഗ്യത നേടിയ വിദ്യാർഥികളുടെ പ്രവേശനം സർക്കാർ ഉത്തരവിന് (നമ്പർ 1768/2011/പൊ.വി.വ തീയതി 12.05.2011) വിധേയമായിരിക്കും.

### അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി

| | |
|---|---|
| പിഴയില്ലാതെ | – ജൂലൈ 31 |
| 60 രൂപ പിഴയോടെ | – ആഗസ്റ്റ് 10 |

റെഗുലർ സ്കൂൾ വിദ്യാർത്ഥികളോടൊപ്പം സ്കോൾ-കേരള വിദ്യാർത്ഥികൾക്കും ഒരു പോലെ ഹയർസെക്കണ്ടറി ഡയറക്ടറേറ്റ് പൊതു പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്നു.
ഓൾ ഇന്ത്യ, കേരള എന്നീ പൊതു പ്രവേശന (എഞ്ചിനീയറിംഗ്, മെഡിക്കൽ തുടങ്ങിയ) പരീക്ഷകൾക്ക് അപേക്ഷിക്കാം

ഒപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ

- www.scolekerala.org സൈറ്റിൽ നിന്നും ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കി പ്രിന്റ്ഔട്ടിനോടൊപ്പം ലഭിക്കുന്ന ബാർകോഡ്, ചെലാൻ നമ്പർ എന്നിവ സഹിതമുള്ള ചെലാൻ ഉപയോഗിച്ച് സംസ്ഥാനത്തെ ഏത് പോസ്റ്റ് ഓഫീസ് മുഖേനെയും രജിസ്ട്രേഷൻ ഫീസ് ഒടുക്കാവുന്നതാണ്. ട്രഷറി, ബാങ്കുകൾ മുഖേനെ ഫീസടച്ച ചെലാൻ, ഡി.ഡി, ചെക്ക് എന്നിവ സ്വീകരിക്കുന്നതല്ല.
- ലക്ഷദ്വീപ് മേഖലയിലെ വിദ്യാർഥികൾക്ക് മാത്രം നിശ്ചിത ഫീസ് - എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ കേരള വിദ്യാഭവൻ, പൂജപ്പുര, എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന തരത്തിൽ ഡി.ഡി.എടുത്ത് സമർപ്പിക്കാവുന്നതാണ്.

## പൊതുനിർദ്ദേശങ്ങൾ

- ഓൺലെയിൻ രജിസ്ട്രേഷൻ ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവം വായിച്ചു മനസിലാക്കിയ ശേഷം നിർദ്ദിഷ്ട ഫീൽഡുകളിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നൽകുക. കോഴ്സുകളെക്കുറിച്ചുള്ള വിശദവിവരങ്ങൾ അടങ്ങിയ കൈപ്പുസ്തകം (2018-2019) സ്കോൾ കേരള വെബ് സൈറ്റിൽ (www.scolekerala.org) പ്രസിദ്ധീകരിച്ചിട്ടുണ്ട്.
- 2009 മാർച്ച് മുതൽ എസ്.എസ്.എൽ.സി പരീക്ഷയിൽ ഉപരിപഠന യോഗ്യത നേടിയവർ SSLC 2009 ONWARDS എന്ന ലിങ്കിലൂടെയും, മറ്റ് വിദ്യാർഥികൾ (CBSE, ICSE, NIOS മറ്റ് സ്റ്റേറ്റ് ബോർഡുകൾ, 2009ന് മുമ്പ് എസ്.എസ്.എൽ.സിയിൽ ഉപരിപഠന യോഗ്യത നേടിയവർ) OTHERS എന്ന ലിങ്കിലൂടെയുമാണ് രജിസ്റ്റർ ചെയ്യേണ്ടത്.
- അപേക്ഷയുടെ പ്രിന്റ് ഔട്ടിനോടൊപ്പം ജനറേറ്റ് ചെയ്ത് ലഭിക്കുന്ന ചെലാൻ നമ്പർ, ബാർകോഡ് സഹിതമുള്ള ചെലാനിൽ മാത്രം രജിസ്ട്രേഷൻ ഫീസ് ഒടുക്കുക. സ്റ്റുഡന്റ്സ് കോപ്പി വിദ്യാർഥിയുടെ കൈവശം സൂക്ഷിക്കേണ്ടതാണ്. വിദ്യാർഥികൾ നിശ്ചിത ഫീസ് പോസ്റ്റോഫീസിൽ അടച്ച തീയതി അടിസ്ഥാനമാക്കിയാണ് ഫൈൻ കണക്കാക്കുന്നത്.
- പോസ്റ്റ് ഓഫീസിൽ നിശ്ചിത ഫീസ് ഒടുക്കി ലഭിക്കുന്ന ചെലാനിൽ തീയതിയോടുകൂടിയുള്ള സീൽ പതിച്ചുവാങ്ങേണ്ടതാണ്. പോസ്റ്റ് ഓഫീസിന്റെ പേര് ചെലാനിൽ രേഖപ്പെടുത്തേണ്ടതാണ്.
- മുൻ വർഷങ്ങളിൽ ഹയർസെക്കൻഡറി, വി.എച്ച്.എസ്.ഇ മറ്റ് തത്തുല്യ കോഴ്സുകൾ പഠിക്കുകയും ഇടയ്ക്ക് വച്ച് പഠനം നിർത്തുകയും ചെയ്ത വിദ്യാർഥികൾ മുൻ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്തശേഷം മാത്രമേ പുതിയ രജിസ്ട്രേഷൻ നടത്താൻ പാടുള്ളു. ഈ വിഭാഗം വിദ്യാർഥികൾ ക്യാൻസലേഷൻ മെമ്മോ സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
- എല്ലാ വിദ്യാർഥികളും ഓൺലെയിൻ അപേക്ഷയിൽ നിർദ്ദേശിച്ചിട്ടുള്ള നിർദ്ദിഷ്ട വലിപ്പത്തിൽ ( Maximum Size 25kb- Width x Height, 200 px x 200 px) ഫോട്ടോ സ്കാൻ ചെയ്ത് Upload ചെയ്യേണ്ടതാണ്.
- രജിസ്ട്രേഷൻ പൂർത്തിയാക്കി ഡൗൺലോഡ് ചെയ്ത് എടുക്കുന്ന അപേക്ഷാഫാറത്തിലെ ഫോട്ടോ ഗ്രാഫ് ഗസറ്റഡ് ഓഫീസറെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഫോട്ടോഗ്രാഫിനോടൊപ്പം ഗസറ്റഡ് ഓഫീസറുടെ Designation seal, Office seal എന്നിവ പതിപ്പിക്കേണ്ടതാണ്.
- Others എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യുന്ന വിദ്യാർഥികളുടെ വ്യക്തിഗത വിവരങ്ങൾ (പേര്, ജനന തീയതി, ജാതി, മതം തുടങ്ങിയവ) യോഗ്യത സർട്ടിഫിക്കറ്റ്/ടി സിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുപോലെ രേഖപ്പെടുത്തേണ്ടതാണ്.
- 01, 05, 09, 39 എന്നീ സബ്ജക്ട് കോമ്പിനേഷനുകൾ തെരഞ്ഞെടുക്കുന്ന വിദ്യാർഥികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി e-transfer മുഖേന കോഷൻഡെപ്പോസിറ്റ് തിരികെ നൽകുന്നതാണ്. ഇതിനായി രക്ഷകർത്താവ്/വിദ്യാർഥിയുടെ ബാങ്ക് അക്കൗണ്ട് നമ്പരും വിശദാംശങ്ങളും അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് അപേക്ഷയോടൊപ്പം അയച്ചുതരേണ്ടതുമാണ്.
- സ്കോൾ കേരള - രജിസ്ട്രേഷൻ, സമ്പർക്ക ക്ലാസുകൾ, പരീക്ഷ എന്നിവയെ സംബന്ധിക്കുന്ന വിവരങ്ങൾ മെസേജ് അലർട്ട് വഴി വിദ്യാർഥികളെ അറിയിക്കുന്നതിനാൽ അപേക്ഷയിൽ വിദ്യാർഥിയുടെ/രക്ഷകർത്താവിന്റെ മൊബൈൽ നമ്പർ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർഥികൾ പരിഗണന ലഭിക്കേണ്ട കാര്യം വ്യക്തമാക്കികൊണ്ട് മെഡിക്കൽബോർഡ് അനുവദിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.
- സബ്ജക്ട് കോമ്പിനേഷൻ, സെക്കന്റ് ലാംഗേജ് എന്നിവ ഓൺലെയിൻ അപേക്ഷയിൽ രേഖപ്പെടുത്തിയത് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. പഠന/പരീക്ഷാകേന്ദ്രങ്ങൾ അനുവദിച്ച ശേഷം ഇവയിൽ മാറ്റം അനുവദിക്കുന്നതല്ല.
- പഠന/പരീക്ഷാകേന്ദ്രങ്ങളുടെ പേര്, സ്ഥലം എന്നിവ വ്യക്തമായി മനസിലാക്കിയ ശേഷം ഓപ്പൺ റെഗുലർ വിദ്യാർഥികൾ മുൻഗണനാക്രമത്തിൽ മൂന്ന് പഠന കേന്ദ്രങ്ങളും, പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾ പത്ത് പരീക്ഷാകേന്ദ്രങ്ങളും തെരഞ്ഞെടുക്കേണ്ടതാണ്.
- ലക്ഷദ്വീപ് മേഖലയിൽ ഓപ്പൺ റെഗുലർ കോഴ്സിന് പഠനകേന്ദ്രങ്ങൾ നിലവിലില്ല. അതിനാൽ ഈ മേഖലയിലെ വിദ്യാർഥികൾ പ്രൈവറ്റ് രജിസ്ട്രേഷൻ വിഭാഗത്തിൽ അപേക്ഷിക്കേണ്ടതാണ്.
- പഠന/പരീക്ഷാകേന്ദ്രങ്ങൾ അനുവദിക്കുന്നതിന്റെ അന്തിമ തീരുമാനം സ്കോൾ കേരള എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.
- ഓൺലൈനായി രജിസ്റ്റർ ചെയ്തശേഷം അപേക്ഷാഫാറം ഡൗൺലോഡ് ചെയ്ത്, ഒരു പേപ്പറിന്റെ ഇരുവശങ്ങളിലുമായി പ്രിന്റ്ഔട്ട് എടുത്ത്, അതിനോടൊപ്പം നിർദ്ദിഷ്ടരേഖകൾ സഹിതം അപേക്ഷ സമർപ്പിക്കണം. അപേക്ഷകൾ സ്പീഡ്/രജിസ്റ്റേഡ് തപാൽ മാർഗ്ഗം സംസ്ഥാന ഓഫീസിൽ അല്ലെങ്കിൽ അതത് ജില്ലാകേന്ദ്രങ്ങളിൽ നേരിട്ട് സമർപ്പിക്കാം. സംസ്ഥാന/ ജില്ലാകേന്ദ്രങ്ങളുടെ വിലാസം ചുവടെ ചേർത്തിട്ടുണ്ട്.
- ഓൺലെയിൻ അപേക്ഷയുടെ പ്രിന്റ്ഔട്ടിലെ ഡിക്ലറേഷൻ പൂരിപ്പിച്ച് നിർദ്ദിഷ്ട ഭാഗങ്ങളിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.
- **സ്കോൾ-കേരള സംബന്ധമായ വിവരങ്ങൾക്ക് സംസ്ഥാന ഓഫീസ് മുഖേനെയോ ജില്ലാകേന്ദ്രങ്ങൾ മുഖേനയോ സംശയനിവാരണം നടത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 - 2342950, 2342271, 2342369**

ഒപ്പ്

**എക്സിക്യൂട്ടീവ് ഡയറക്ടർ**

## ഓൺലെയിൻ അപേക്ഷയുടെ പ്രിന്റ്ഔട്ടിനോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

- SSLC 2009 ONWARDS എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്.
- Others എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്ത എല്ലാ വിദ്യാർഥികളും അസൽ യോഗ്യതാ സർട്ടിഫിക്കറ്റ്, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്.
- സംസ്ഥാനത്തെ ഏതെങ്കിലും പോസ്റ്റ് ഓഫീസിൽ സ്കോൾ കേരള ചെലാനിൽ നിശ്ചിത രജിസ്ട്രേഷൻഫീസ് ഒടുക്കിയ ചെലാൻ നമ്പർ, ബാർകോഡ് സഹിതമുള്ള അസൽ ചെലാൻ.
- ഒറിജിനൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (ടി.സി.)
- പ്രൈവറ്റ് ഓവറേയ്ജ്ഡ് ആയി നിർദ്ദിഷ്ടയോഗ്യത നേടിയ വിദ്യാർഥികൾ ടി.സിക്ക് പകരം 50/- രൂപയിൽ കുറയാത്ത തുകയ്ക്കുള്ള മുദ്രപത്രത്തിൽ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.
- മുൻ വർഷങ്ങളിൽ ഹയർസെക്കൻഡറി, വി.എച്ച്.എസ്.ഇ മറ്റ് തത്തുല്യ കോഴ്സുകളോ പഠിക്കുകയും ഇടയ്ക്ക് വച്ച് പഠനം നിർത്തുകയും ചെയ്ത വിദ്യാർഥികൾ മുൻ രജിസ്ട്രേഷൻ റദ്ദ് ചെയ്ത അസൽ ക്യാൻസലേഷൻ മെമ്മോ ഹാജരാക്കേണ്ടതാണ്.
- വിദേശ രാജ്യങ്ങളിൽ നിന്നും ഉപരിപഠനത്തിന് തത്തുല്യ യോഗ്യത നേടിയവർ സ്റ്റേറ്റ് ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻ, കേരള അനുവദിക്കുന്ന ഇക്വലൻസി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
- കേരളത്തിനു പുറത്തു നിന്നും നിർദ്ദിഷ്ടയോഗ്യത നേടിയവർ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

**സ്കോൾ കേരളയിൽ ഒരിക്കൽ അടച്ച ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല.**

## ജില്ലാകേന്ദ്രങ്ങളുടെ മേൽവിലാസം

### തിരുവനന്തപുരം

ഓഫീസർ ഇൻ-ചാർജ്ജ്
സ്കോൾ-കേരള, ജില്ലാകേന്ദ്രം
ഗവൺമെന്റ് തമിഴ് ഹയർസെക്കന്ററി സ്കൂൾ, ചാല,
തിരുവനന്തപുരം - 695036
ഫോൺ: 0471 - 2572990
email: ksos.dctvm@gmail.com

### കൊല്ലം

ഓഫീസർ ഇൻ-ചാർജ്ജ്
സ്കോൾ-കേരള, ജില്ലാകേന്ദ്രം
ഗവ: മോഡൽ ബോയിസ് എച്ച്.എസ്.എസ്. തേവള്ളി
കൊല്ലം - 691009
ഫോൺ: 0474 - 2798982
email: ksos.dcklm@gmail.com

### പത്തനംതിട്ട

ഓഫീസർ ഇൻ-ചാർജ്ജ്
സ്കോൾ-കേരള, ജില്ലാകേന്ദ്രം
ഗവ. എച്ച്.എസ്.എസ് & വി.എച്ച്.എസ്.എസ്
പത്തനംതിട്ട - 689645
ഫോൺ: 0468 - 2325499
email: ksos.dcpta@gmail.com

### ആലപ്പുഴ

ഓഫീസർ ഇൻ-ചാർജ്ജ്
സ്കോൾ-കേരള, ജില്ലാകേന്ദ്രം
കെ.കെ കുഞ്ചുപിള്ള മെമ്മോറിയൽ എച്ച്.എസ്.എസ്, അമ്പലപ്പുഴ പി.ഒ ആലപ്പുഴ - 688561
ഫോൺ: 0477 - 2272040
email: scoledcalp@gmail.com

### കോട്ടയം

ഓഫീസർ ഇൻ-ചാർജ്ജ്
സ്കോൾ-കേരള, ജില്ലാകേന്ദ്രം
ഗവ: എച്ച്.എസ്.എസ്.
കാരാപ്പുഴ,
കോട്ടയം - 686003
ഫോൺ: 0481 - 2300443
email: ksos.dcktm@gmail.com

### ഇടുക്കി

ഓഫീസർ ഇൻ-ചാർജ്ജ്
സ്കോൾ-കേരള, ജില്ലാകേന്ദ്രം
ജി.ജി.എച്ച്.എസ്.എസ്.തൊടുപുഴ,
ഇടുക്കി - 685584
ഫോൺ: 0486 - 2225243
email: ksos.dcidk@gmail.com

### എറണാകുളം

ഓഫീസർ ഇൻ-ചാർജ്ജ്
സ്കോൾ-കേരള, ജില്ലാകേന്ദ്രം
ഗവ: എസ്.ആർ.വി. എൽ.പി. സ്കൂൾ ക്യാമ്പസ്
സൗത്ത് എറണാകുളം 682011
ഫോൺ: 0484 - 2377537
email:ksos.dcekm@gmail.com

### തൃശൂർ

ഓഫീസർ ഇൻ-ചാർജ്ജ്
സ്കോൾ-കേരള, ജില്ലാകേന്ദ്രം
ഗവ:മോഡൽ വൊക്കേഷണൽ ജി. എച്ച്.എസ്.എസ്., പാലസ് റോഡ്
തൃശൂർ - 680020
ഫോൺ: 0487 - 2322559
email:ksos.dctcr@gmail.com

### പാലക്കാട്

ഓഫീസർ ഇൻ-ചാർജ്ജ്
സ്കോൾ-കേരള, ജില്ലാകേന്ദ്രം
ജി.എം.യു.പി.എസ്, മണ്ണാർക്കാട്.
പാലക്കാട് - 678582
ഫോൺ: 04924- 222846
email:ksos.dcpkd@gmail.com

### മലപ്പുറം

ഓഫീസർ ഇൻ-ചാർജ്ജ്
സ്കോൾ-കേരള, ജില്ലാകേന്ദ്രം
മലബാർ റീജിയണൽ കേന്ദ്രം
സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്
മലപ്പുറം - 676505
ഫോൺ: 0483- 2734295
email:ksosmromlp@gmail.com

### കോഴിക്കോട്

ഓഫീസർ ഇൻ-ചാർജ്ജ്
സ്കോൾ-കേരള, ജില്ലാകേന്ദ്രം
ഗവ: മോഡൽ എച്ച്.എസ്.എസ്,
കോഴിക്കോട് - 673001
ഫോൺ: 0495- 2723663
email:scoledckkd@gmail.com

### വയനാട്

ഓഫീസർ ഇൻ-ചാർജ്ജ്
സ്കോൾ-കേരള, ജില്ലാകേന്ദ്രം
ഗവ: എച്ച്.എസ്.എസ്,
മീനങ്ങാടി, വയനാട് - 673591
ഫോൺ: 04936- 248722
email: ksos.dcwyd@gmail.com

### കണ്ണൂർ

ഓഫീസർ ഇൻ-ചാർജ്ജ്
സ്കോൾ-കേരള, ജില്ലാകേന്ദ്രം
ഗവ. മുനിസിപ്പൽ വി.എച്ച്.എസ്.എസ്. (സ്പോർട്സ്)
കണ്ണൂർ - 670002
ഫോൺ: 0497-2702706
email: ksos.dcknr@gmail.com

### കാസർഗോഡ്

ഓഫീസർ ഇൻ-ചാർജ്ജ്
സ്കോൾ-കേരള, ജില്ലാകേന്ദ്രം
ജി.എം.വി. എച്ച്.എസ്.എസ്,
തളങ്കര,
കാസർഗോഡ് - 671122
ഫോൺ: 04994 - 226460
email: ksos.dcksd@gmail.com

**വിശദവിവരങ്ങൾക്ക് www.scolekerala.org സന്ദർശിക്കുക**

**അപേക്ഷ സമർപ്പിക്കേണ്ട മേൽ വിലാസം :**
**എക്സിക്യൂട്ടീവ് ഡയറക്ടർ,**
**സ്കോൾ-കേരള,**
**വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം-695012**

ഒപ്പ്

**എക്സിക്യൂട്ടീവ് ഡയറക്ടർ**